# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4812 5/2/2014 ൽ മറുപടിയ്ക്ക്

## കൊപ്ര സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.റ്റി. ജോർജ്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എ.പി. അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് കൊപ്ര സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2013 സീസണിലെ കൊപ്രയ്ക്കുള്ള താങ്ങുവില 2013 മാർച്ച് മാസം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഇതനുസരിച്ച് കൊപ്ര സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കേന്ദ്ര ഏജൻസിയായ നാഫെഡ് ആണ് സംഭരണം നടത്തുന്നത്. കേരഫെഡിനേയും മാർക്കറ്റ്ഫെഡിനേയും നാഫെഡിന്റെ സംസ്ഥാനതല ഏജൻസികളായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ 2013 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില എഫ്.എ.ക്യൂ നിലവാരമുള്ള മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും, ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാണ്. വിപണി വില താങ്ങുവിലയേക്കാൾ ഉയർന്നതിനാൽ താങ്ങുവില സംഭരണം നടത്തേണ്ട സാഹചര്യമില്ല. |

| | | |
|---|---|---|
| (ഡി) | കൊപ്ര സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | (ഡി) കേന്ദ്ര ഏജൻസിയായ നാഫെഡും സംസ്ഥാനതല ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും തമ്മിൽ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ഓരോ ജില്ലയിലും കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികൾ സംഭരണം നടത്തേണ്ട സംഘങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ